**കേരള സർക്കാർ**

<u>സംഗ്രഹം</u>

സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - വിമൺ പ്രൊട്ടക്ഷൻ ഓഫീസർമാർക്ക് ഓഫീസ് സഹായത്തിനായി ക്ലാർക്ക്-കം-ഓഫീസ് അറ്റൻഡിന്റിനെ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 56/2015/സാ.നീ.വ. തീയതി, തിരുവനന്തപുരം: 03.02.2015.

===

പരാമർശം:- സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 07.02.2014-ലെ എഫ്.2/33905/13 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സാമൂഹ്യനീതി വകുപ്പിലെ ഓരോ വിമൺ പ്രൊട്ടക്ഷൻ ഓഫീസർക്കും ആവശ്യമായ ഓഫീസ് സഹായം നൽകുന്നതിനായി ഒരു ക്ലാർക്ക്-കം-ഓഫീസ് അറ്റൻഡിന്റിനെ പ്രതിമാസം 10,000/- രൂപ വേതനത്തിൽ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് പരാമർശ പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അനുമതി ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സാമൂഹ്യനീതി വകുപ്പിലെ ഓരോ വിമൺ പ്രൊട്ടക്ഷൻ ഓഫീസർക്കും ആവശ്യമായ ഓഫീസ് സഹായം നൽകുന്നതിനായി ഒരു ക്ലാർക്ക്-കം-ഓഫീസ് അറ്റൻഡിന്റിനെ പ്രതിമാസം 10,000/- രൂപ വേതനത്തിൽ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായി വരുന്ന തുക 2235-02-103-85 (എൻ.പി) (01) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**കെ.എം.ലീലാമണി**
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (12.11.2014-ലെ 68857ഡബ്ല്യൂ.ഡബ്ല്യൂ.1/14/ഫിൻ നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.